42

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വിദേശനാണ്യ വിനിമയത്തിൻെറ പരിരക്ഷണവും കള്ളക്കടത്തു പ്രവർത്തനങ്ങളുടെ നിവാരണവും ആക്ററ്, 1974

**(1974-ലെ 52-ാം നമ്പർ ആക്ററ്)**

(1-6-1974-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
976

വില

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# വിദേശനാണ്യ വിനിമയത്തിൻെറ പരിരക്ഷണവും കള്ളക്കടത്തു പ്രവർത്തനങ്ങളുടെ നിവാരണവും ആക്റ്റ്, 1974

(1974-ലെ 52-ാം നമ്പർ ആക്റ്റ്)

(1-6-1974-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനു വേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

# വിദേശനാണ്യ വിനിമയത്തിന്റെ പരിരക്ഷണവും കള്ളക്കടത്തു പ്രവർത്തനങ്ങളുടെ നിവാരണവും ആക്റ്റ്, 1974

(1974-ലെ 52-ാം നമ്പർ ആക്റ്റ്)

വിദേശനാണ്യ വിനിമയത്തിന്റെ പരിരക്ഷണത്തിന്റേയും പുഷ്ടിപ്പെടുത്തലിന്റേയും കള്ളക്കടത്തു പ്രവർത്തനങ്ങളുടെ നിവാരണത്തിന്റേയും ആവശ്യങ്ങൾക്കായി ചില സംഗതികളിൽ നിവാരകത്തടങ്കലിനും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

[1974 ഡിസംബർ 13]

വിദേശനാണ്യ വിനിമയ റഗുലേഷനുകളുടെ ലംഘനങ്ങൾക്കും കള്ളക്കടത്തു പ്രവർത്തനങ്ങൾക്കും ദേശീയ സമ്പദ്‌വ്യവസ്ഥയിൻമേൽ വർദ്ധിച്ചുവരുന്ന വിധം ഹാനികരമായ പ്രഭാവവും, അതുവഴി സ്റ്റേറ്റിന്റെ സുരക്ഷിതത്വത്തിൻമേൽ ഗൗരവമുള്ള പ്രതികൂല പ്രഭാവവും ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാലും;

അങ്ങനെയുള്ള പ്രവർത്തനങ്ങളോ ലംഘനങ്ങളോ സംഘടിപ്പിക്കുകയും നടത്തിക്കൊണ്ടുപോവുകയും ചെയ്യുന്ന ആളുകളേയും രീതിയേയും പരിഗണിച്ചും, കള്ളക്കടത്തിന് എളുപ്പത്തിൽ വിധേയമാകുന്ന ചില പ്രദേശങ്ങളിൽ ഒരു ഗണ്യമായ തോതിലുള്ള കള്ളക്കടത്തു പ്രവർത്തനങ്ങൾ ഗൂഢമായി സംഘടിപ്പിക്കുകയും നടത്തിക്കൊണ്ടുപോവുകയും ചെയ്യുന്നുണ്ടെന്ന വസ്തുത പരിഗണിച്ചും, അങ്ങനെയുള്ള പ്രവർത്തനങ്ങളുടേയും ലംഘനങ്ങളുടേയും ഫലപ്രദമായ നിവാരണത്തിന്, അതുമായി ഏതെങ്കിലും രീതിയിൽ ബന്ധപ്പെട്ട ആളുകളുടെ തടങ്കലിനു വ്യവസ്ഥ ചെയ്യുന്നത് ആവശ്യകമായിരിക്കുന്നതിനാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തഞ്ചാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന് വിദേശനാണ്യ വിനിമയത്തിന്റെ പരിരക്ഷണവും കള്ളക്കടത്തു പ്രവർത്തനങ്ങളുടെ നിവാരണവും ആക്റ്റ്, 1974 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി (1974 ഡിസംബർ ഇരുപതാം തീയതിയിൽ വൈകിയതല്ലാത്ത ഒരു തീയതി) പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം;

(ക) ''സമുചിത ഗവൺമെന്റി''ന്, കേന്ദ്ര ഗവൺമെന്റോ കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഉദ്യോഗസ്ഥനോ ചെയ്യുന്ന തടങ്കൽ ഉത്തരവിനേയോ, അങ്ങനെയുള്ള ഉത്തരവിൻകീഴിൽ തടങ്കലിൽ വയ്ക്കപ്പെടുന്ന ആളേയോ സംബന്ധിച്ച്, കേന്ദ്ര ഗവൺമെന്റ് എന്നും, ഒരു സ്റ്റേററ് ഗവൺമെന്റോ ഒരു

സ്റ്റേറ്റ് ഗവൺമെൻറിൻെറ ഒരു ഉദ്യോഗസ്ഥനോ ചെയ്യുന്ന തടങ്കൽ ഉത്തരവിനെയോ, അങ്ങനെയുള്ള ഉത്തരവിൻകീഴിൽ തടങ്കലിൽ വയ്ക്കപ്പെടുന്ന ആളേയോ സംബന്ധിച്ച്, സ്റ്റേറ്റ് ഗവൺമെൻറ് എന്നും, അർത്ഥമാകുന്നു;

(ഖ) "തടങ്കൽ ഉത്തരവി"ന്, 3-ാം വകുപ്പിൻകീഴിൽ ചെയ്യുന്ന ഉത്തരവ് എന്നർത്ഥമാകുന്നു;

(ഗ) "വിദേശി"ക്ക്, വിദേശികൾ ആക്റ്റ്, 1946 (1946-ലെ 31)-ലെ അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഘ) "ഇൻഡ്യൻ കസ്റ്റംസ് ജലങ്ങൾ"ക്ക്, കസ്റ്റംസ് ആക്റ്റ്, 1962 (1962-ലെ 52) 2-ാം വകുപ്പ്, (28)-ാം ഖണ്ഡത്തിലെ അതേ അർത്ഥമുണ്ടായിരിക്കുന്നതാണ്;

(ങ) "കള്ളക്കടത്തി"ന്, കസ്റ്റംസ് ആക്റ്റ്, 1962 (1962-ലെ 52)-ൻെറ 2-ാം വകുപ്പ് (39)-ാം ഖണ്ഡത്തിലെ അതേ അർത്ഥമുണ്ടായിരിക്കുന്നതും, അതിൻെറ എല്ലാ വ്യാകരണസംബന്ധമായ രൂപഭേദങ്ങൾക്കും സജാതീയ പദങ്ങൾക്കും അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതും ആകുന്നു;

(ച) "സ്റ്റേറ്റ് ഗവൺമെൻറി"ന്, ഒരു യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ച് അതിൻെറ ഭരണകർത്താവ് എന്നർത്ഥമാകുന്നു;

(ഛ) ജമ്മു-കാശ്മീർ സ്റ്റേറ്റിൽ പ്രാബല്യത്തിലില്ലാത്ത ഒരു നിയമത്തെക്കുറിച്ച്, ഈ ആക്റ്റിലുള്ള ഏതെങ്കിലും പരാമർശത്തിന് ആ സ്റ്റേറ്റിനെ സംബന്ധിച്ച്, ആ സ്റ്റേറ്റിൽ പ്രാബല്യത്തിലുള്ള തൽസ്ഥാനീയ നിയമം വല്ലതുമുണ്ടെങ്കിൽ, അതിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

3. ചില ആളുകളെ തടങ്കലിൽ വയ്ക്കുന്ന ഉത്തരവു ചെയ്യാനുള്ള അധികാരം.—(1) കേന്ദ്ര ഗവൺമെൻറിന്നോ, സ്റ്റേറ്റ് ഗവൺമെൻറിന്നോ, കേന്ദ്ര ഗവൺമെൻറ് ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ളതും, ആ ഗവൺമെൻറിൻെറ ജായിൻറ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്തതുമായ ആ ഗവൺമെൻറിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെൻറ് ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ളതും, ആ ഗവൺമെൻറിൻെറ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്തതുമായ ആ ഗവൺമെൻറിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനോ, (ഒരു വിദേശി ഉൾപ്പെടെ) ഏതെങ്കിലും ആളെ സംബന്ധിച്ച്, അയാളെ വിദേശനാണ്യ വിനിമയത്തിൻെറ പരിരക്ഷണത്തിനോ പുഷ്ടിപ്പെടുത്തലിനോ ഭംഗം വരുത്തുന്ന ഏതെങ്കിലും രീതിയിൽ പ്രവർത്തിക്കുന്നതിൽ നിന്ന് തടയുന്നതു ലക്ഷ്യമാക്കിയോ, അല്ലെങ്കിൽ അയാളെ—

(i) സാമാനങ്ങൾ കള്ളക്കടത്തു നടത്തുകയോ; അല്ലെങ്കിൽ

(ii) സാമാനങ്ങളുടെ കള്ളക്കടത്തിന് പ്രേരണ നല്കുകയോ; അല്ലെങ്കിൽ

(iii) കള്ളക്കടത്തു സാമാനങ്ങൾ പരിവഹണം ചെയ്യുകയോ, ഒളിച്ചു വയ്ക്കുകയോ, സൂക്ഷിക്കുകയോ ചെയ്യുന്നതിൽ ഏർപ്പെടുകയോ; അല്ലെങ്കിൽ

(iv) കള്ളക്കടത്തു സാമാനങ്ങൾ പരിവഹണം ചെയ്യുകയോ, ഒളിച്ചു വയ്ക്കുകയോ, സൂക്ഷിക്കുകയോ ചെയ്യുന്നതിൽ ഏർപ്പെടുന്നതു വഴിയല്ലാതെ കള്ളക്കടത്തു സാമാനങ്ങൾ വ്യാപാരം ചെയ്യുകയോ; അല്ലെങ്കിൽ

(v) സാമാനങ്ങൾ കള്ളക്കടത്തു നടത്തുന്നതിലോ സാമാനങ്ങളുടെ കള്ളക്കടത്തിന് പ്രേരണ നല്കുന്നതിലോ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് സംശ്രയം നല്കുകയോ,

ചെയ്യുന്നതിൽനിന്ന് തടയുന്നതു ലക്ഷ്യമാക്കിയോ, അങ്ങനെയുള്ള ആളെ
തടങ്കലിൽ വയ്ക്കാൻ നിദേശിക്കുന്ന ഉത്തരവ് ചെയ്യുന്നത് ആവശ്യകമാ
ണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അപ്രകാരം ചെയ്യാവുന്നതാണ്.

(2) ഒരു സ്റേററ് ഗവൺമെൻേറാ, ഒരു സ്റേററ് ഗവൺമെൻറ്
അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ ഏതെങ്കിലും തടങ്കൽ ഉത്തരവ്
ചെയ്യുമ്പോൾ, സ്റേററ് ഗവൺമെൻറ് ആ ഉത്തരവ് സംബന്ധിച്ച് ഒരു
റിപ്പോർട്ട് പത്തുദിവസത്തിനുള്ളിൽ കേന്ദ്രഗവൺമെൻറിന് അയക്കേണ്ട
താകുന്നു.

(3) ഒരു തടങ്കൽ ഉത്തരവിന് അനുസൃതമായി തടങ്കലിൽ വയ്ക്ക
പ്പെടുന്ന ഒരാളെ, ഏതു കാരണങ്ങളിൻമേലാണോ ആ ഉത്തരവു ചെയ്തത്, ആ
കാരണങ്ങൾ ഭരണഘടനയുടെ 22-ാം അനുച്ഛേദം, (5)-ാം ഖണ്ഡത്തിൻെറ
ആവശ്യങ്ങൾക്ക് അറിയിക്കുന്നതു തടങ്കലിൽ വയ്ക്കുന്നതിനുശേഷം ആവുന്നത്ര
വേഗത്തിലും, എന്നാൽ തടങ്കലിൽ വയ്ക്കുന്ന തീയതി മുതൽ സാധാരണമായി
അഞ്ചുദിവസത്തിൽ വൈകാതേയും, അസാധാരണ പരിതഃസ്ഥിതികളിലും
ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാലും പതിനഞ്ചുദിവസത്തിൽ
വൈകാതേയും ആയിരിക്കേണ്ടതാണ്.

4. <u>തടങ്കൽ ഉത്തരവുകൾ നടപ്പാക്കൽ.</u>—തടങ്കൽ ഉത്തരവ് ഇൻഡ്യയിൽ
ഏതു സ്ഥലത്തുവച്ചും ക്രിമിനൽ നടപടി നിയമസംഹിത, 1973(1974-ലെ 2)-ൻ
കീഴിൽ അറസ്ററ്വാറൻറുകൾ നടപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള
രീതിയിൽ നടപ്പാക്കാവുന്നതാണ്.

5. <u>തടങ്കലിൻെറ സ്ഥലവും ഉപാധികളും ക്രമപ്പെടുത്തുന്നതിനുള്ള
അധികാരം.</u>—ആരെ സംബന്ധിച്ചാണോ ഒരു തടങ്കൽ ഉത്തരവുചെയ്യപ്പെട്ടിട്ടു
ള്ളത്, അങ്ങനെയുള്ള ഏതൊരാളും—

(ക) സമുചിതഗവൺമെൻറ്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു
വഴി, വിനിർദ്ദേശിക്കുന്ന സ്ഥലത്തും, അങ്ങനെ വിനിർദ്ദേശിക്കുന്നതും,
സംരക്ഷണവും മററുള്ളവരുമായുള്ള കൂടിക്കാഴ്ചയും സമ്പർക്കവും അച്ചട
ക്കവും അച്ചടക്കലംഘനങ്ങൾക്കുള്ള ശിക്ഷയും സംബന്ധിച്ച ഉപാധികളുൾപ്പെ
ടെയുള്ളതും ആയ ഉപാധികൾക്ക് വിധേയമായും, തടങ്കലിൽ വയ്ക്കപ്പെടുന്ന
തിനും;

(ഖ) സമുചിതഗവൺമെൻറിൻെറ ഉത്തരവുവഴി മറെറാരു തടങ്കൽ സ്ഥല
ത്തേക്ക്, അത് അതേ സ്റേററിനുള്ളിലുള്ളതോ, മറെറാരു സ്റേററിനുള്ളിലു
ള്ളതോ ആയിരുന്നാലും, നീക്കംചെയ്യപ്പെടുന്നതിനും,
അർഹനായിരിക്കുന്നതാണ്:

എന്നാൽ, ഒരു സ്റേററ്ഗവൺമെൻറ് (ഖ) ഖണ്ഡത്തിൽകീഴിൽ ഒര
സ്റേററിൽനിന്ന് മറെറാരു സ്റേററിലേക്ക് നീക്കംചെയ്യാനുള്ള യാതൊരു
ഉത്തരവും, മറേറ സ്റേററിലെ ഗവൺമെൻറിൻെറ സമ്മതത്തോടുകൂടിയല്ലാതെ
ചെയ്യാൻ പാടുള്ളതല്ല.

6. <u>തടങ്കൽ ഉത്തരവുകൾ ചില കാരണങ്ങളിൻമേൽ അസാധുവോ പ്രവർത്തന
രഹിതമോ ആവുകയില്ലെന്ന്.</u>—യാതൊരു തടങ്കൽ ഉത്തരവും—

(ക) അതിൻകീഴിൽ തടങ്കലിൽ വയ്ക്കപ്പെടേണ്ട ആൾ, ആ തടങ്കൽ
ഉത്തരവു ചെയ്യുന്ന ഗവൺമെൻറിൻേറയോ ഉദ്യോഗസ്ഥൻേറയോ പ്രാദേശികാധി
കാരിതയുടെ അതിർത്തികൾക്ക് വെളിയിലാണെന്നോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആളുടെ തടങ്കൽ സ്ഥലം മുൻപറഞ്ഞ അതിർത്തികൾക്ക് വെളിയിലാണെന്നോ,

ഉള്ള കാരണത്താൽ മാത്രം അസാധുവോ പ്രവർത്തനരഹിതമോ ആയിരിക്കുന്നതല്ല.

7. ഒളിവിൽ പോകുന്ന ആളുകളെ സംബന്ധിച്ചുള്ള അധികാരങ്ങൾ.—(1) സമുചിതഗവൺമെൻറിന്, ആരെസംബന്ധിച്ചാണോ ഒരു തടങ്കൽ ഉത്തരവ് ചെയ്യപ്പെട്ടിട്ടുള്ളത്, അയാൾ ആ ഉത്തരവ് നടപ്പാക്കാൻ കഴിയാതിരിക്കുന്നതിനുവേണ്ടി ഒളിവിൽ പോയിട്ടുണ്ടെന്നോ സ്വയം ഒളിച്ചിരിക്കുകയാണെന്നോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, ആ ഗവൺമെൻറിന്,—

(ക) മുൻപറഞ്ഞ ആൾ സാധാരണമായി താമസമുള്ള സ്ഥലത്ത് അധികാരിതയുള്ള ഒരു മഹാനഗരമജിസ്ട്രേററിനോ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേററിനോ ആ വസ്തുതയെക്കുറിച്ച് ലിഖിതമായി റിപ്പോർട്ട് ചെയ്യാവുന്നതും; അതോടെ മുൻപറഞ്ഞ ആളേയും അയാളുടെ വസ്തുവിനേയും സംബന്ധിച്ച് ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 82-ം, 83-ം, 84-ം, 85-ം വകുപ്പുകളിലെ വ്യവസ്ഥകൾ അയാളെ തടങ്കലിൽ വയ്ക്കാൻ നിദേശിക്കുന്ന ഉത്തരവ്, ആ മജിസ്ട്രേട്ട് പുറപ്പെടുവിക്കുന്ന ഒരു വാറൻറ് ആയിരുന്നാലെന്നപോലെ ബാധകമാകുന്നതും;

(ഖ) ഔദ്യോഗികഗസററിൽ വിജ്ഞാപനം ചെയ്യുന്ന ഉത്തരവുവഴി മുൻപറഞ്ഞ ആളോട്, ആ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ മുമ്പാകെയും, സ്ഥലത്തും, കാലയളവിനുള്ളിലും ഹാജരാകാൻ നിദേശിക്കാവുന്നതും, അങ്ങനെയുള്ള നിദേശം ആ ആൾ അനുസരിക്കാതിരിക്കുന്നുവെങ്കിൽ, അത് അനുസരിക്കാൻ തനിക്ക് സാദ്ധ്യമായിരുന്നില്ലെന്നും, അത് അനുസരിക്കുന്നത് അസാദ്ധ്യമാക്കിത്തീർത്ത കാരണം എന്തെന്നും, താൻ എവിടെയാണുള്ളതെന്നും ഉത്തരവിൽ വിനിർദ്ദേശിച്ച കാലാവധിക്കുള്ളിൽ ഉത്തരവിൽ പറഞ്ഞ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നുവെന്നും അയാൾ തെളിയിക്കാത്തപക്ഷം, അയാൾ ഒരു വർഷത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ആകുന്നു.

(2) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ എന്തുതന്നെയടങ്ങിയിരുന്നാലും, (1)-ാം ഉപവകുപ്പ്, (ഖ) ഖണ്ഡത്തിൻകീഴിലുള്ള ഏതൊരു കുററവും കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

8. ഉപദേശക ബോർഡുകൾ.—ഭരണഘടന 22-ാം അനുച്ഛേദത്തിന്റെ (4)-ാം ഖണ്ഡം, (ക) ഉപഖണ്ഡത്തിന്റേയും (7)-ാംഖണ്ഡം (ഗ) ഉപഖണ്ഡത്തിന്റേയും ആവശ്യങ്ങൾക്കായി,—

(ക) കേന്ദ്രഗവൺമെൻറും ഓരോ സ്റേററ് ഗവൺമെൻറും, ആവശ്യമുള്ളപ്പോഴെല്ലാം, ഒന്നോ അതിലധികമോ ഉപദേശക ബോർഡുകൾ ഏർപ്പെടുത്തേണ്ടതും, അവയിൽ ഓരോന്നും ഭരണഘടനയുടെ 22-ാം അനുച്ഛേദം, (4)-ാം ഖണ്ഡം, (ക) ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ച യോഗ്യതകളുള്ള ഒരു ചെയർമാനും മററു രണ്ട് ആളുകളും അടങ്ങിയതായിരിക്കേണ്ടതും;

(ഖ) 9-ാം വകുപ്പിൽ മററുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, സമുചിതഗവൺമെൻറ്, ഒരു തടങ്കൽ ഉത്തരവിൻകീഴിൽ ഒരാൾ തടങ്കലിൽ വയ്ക്കപ്പെടുന്ന തീയതി മുതൽ ആഞ്ച് ആഴ്ചക്കുള്ളിൽ അതു സംബന്ധിച്ച ഒരു റഫറൻസ്, (ക) ഖണ്ഡത്തിൻകീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഉപദേശകബോർഡിലേക്ക്, അതിനു ഭരണഘടനയുടെ 22-ാം അനുഛേദം, (4)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിൻ കീഴിലെ റിപ്പോർട്ട് ചെയ്യാൻ കഴിവുണ്ടാക്കുന്നതിനായി കൊടുക്കേണ്ടതും;

(ഗ) (ഖ) ഖണ്ഡത്തിൻകീഴിൽ റഫറൻസ് കൊടുക്കപ്പെടുന്ന ഉപദേശക ബോർഡ്, റഫറൻസ് അതിന്റെ മുമ്പാകെ വച്ചിട്ടുള്ള കാര്യങ്ങളും പരിഗണിച്ചതിനുശേഷവും, ആവശ്യകമാണെന്നു അതു കരുതുന്ന കൂടുതൽ വിവരങ്ങൾ സമുചിത ഗവൺമെന്റിൽ നിന്നോ സമുചിതഗവൺമെന്റുവഴി ഈ ആവശ്യത്തിലേക്കായി വിളിക്കുന്ന ഏതെങ്കിലും ആളിൽനിന്നോ, അല്ലെങ്കിൽ ബന്ധപ്പെട്ട ആളിൽ നിന്നോ ആവശ്യപ്പെട്ടതിനുശേഷവും, ഏതെങ്കിലും പ്രത്യേക സംഗതിയിൽ ബന്ധപ്പെട്ട ആൾക്ക് പറയുവാനുള്ളത് നേരിട്ടു കേൾക്കുന്നത് ആവശ്യകമാണെന്ന് ബോർഡിനു തോന്നുകയോ അല്ലെങ്കിൽ തനിക്ക് പറയാനുള്ളത് നേരിട്ടു കേൾക്കണമെന്ന് അയാൾ ആഗ്രഹിക്കുകയോ ചെയ്യുന്നുവെങ്കിൽ, അപ്രകാരം കേട്ടതിനുശേഷവും അതിന്റെ റിപ്പോർട്ട് അതിന്റെ ഒരു പ്രത്യേക ഖണ്ഡികയിൽ ബന്ധപ്പെട്ട ആളുടെ തടങ്കലിനു മതിയായ കാരണമുണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ചുള്ള അതിന്റെ അഭിപ്രായം വിനിർദ്ദേശിച്ചുകൊണ്ടു തയ്യാറാക്കുകയും, അതു ബന്ധപ്പെട്ട ആളെ തടങ്കലിൽ വയ്ക്കുന്ന തീയതി മുതൽ പതിനൊന്നാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കുകയും ചെയ്യേണ്ടതും;

(ഘ) ഉപദേശക ബോർഡ് ആയിച്ചേരുന്ന അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസം ഉള്ളപ്പോൾ, അങ്ങനെയുള്ള അംഗങ്ങളുടെ ഭൂരിപക്ഷത്തിന്റെ അഭിപ്രായം ബോർഡിന്റെ അഭിപ്രായമായി കരുതപ്പെടുന്നതും;

(ങ) ആർക്കെതിരായാണോ ഈ ആക്റ്റിൻ കീഴിൽ ഒരു തടങ്കൽ ഉത്തരവു ചെയ്യപ്പെട്ടിട്ടുള്ളത്, ആ ആൾക്ക്, ഉപദേശകബോർഡിലേക്കുള്ള റഫറൻസുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിൽ അഭിഭാഷകൻമുഖേന ഹാജരാകാൻ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും, ഉപദേശകബോർഡിന്റെ നടപടികളും, അതിന്റെ റിപ്പോർട്ടിലെ ഉപദേശകബോർഡിന്റെ അഭിപ്രായം വിനിർദ്ദേശിക്കുന്ന ഭാഗം ഒഴികെയുള്ള റിപ്പോർട്ടും ഗോപ്യമായിരിക്കേണ്ടതും;

(ച) ഉപദേശകബോർഡ്, അതിന്റെ അഭിപ്രായത്തിൽ ഒരാളുടെ തടങ്കലിന് മതിയായ കാരണമുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഏതൊരു സംഗതിയിലും, സമുചിതഗവൺമെന്റിന് ആ തടങ്കൽ ഉത്തരവ് സ്ഥിരപ്പെടുത്തുകയും യുക്തമെന്ന് തോന്നുന്ന കാലത്തേക്ക്, ബന്ധപ്പെട്ട ആളുടെ തടങ്കൽ തുടരുകയും ചെയ്യാവുന്നതും, ഉപദേശകബോർഡ് അതിന്റെ അഭിപ്രായത്തിൽ ബന്ധപ്പെട്ട ആളുടെ തടങ്കലിന് മതിയായ കാരണമില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഏതൊരു സംഗതിയിലും, സമുചിതഗവൺമെന്റ്, തടങ്കൽ ഉത്തരവു പിൻവലിക്കുകയും, അയാൾ ഉടനടി മോചിപ്പിക്കപ്പെടാൻ ഇടയാക്കുകയും ചെയ്യേണ്ടതും;

ആകുന്നു.

9. ഏതെല്ലാം കേസ്സുകളിലും ഏതെല്ലാം പരിതഃസ്ഥിതികൾക്ക് കീഴിലും ഉപദേശകബോർഡിന്റെ അഭിപ്രായം നേടാതെ ആളുകളെ മൂന്നുമാസത്തിലധികം തടങ്കലിൽ വയ്ക്കാമെന്ന്.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആരെസംബന്ധിച്ചാണോ 1975 ഡിസംബർ 31-ാം ദിവസത്തിനുമുമ്പ് ഏതെങ്കിലും സമയത്ത് ഈ ആക്റ്റിൻകീഴിൽ ഒരു തടങ്കൽ ഉത്തരവു ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആളെ, (ഒരു വിദേശിയുൾപ്പെടെ), ആ തടങ്കൽ ഉത്തരവു ചെയ്തിട്ടുള്ളത്, സാമാനങ്ങൾ കള്ളക്കടത്ത് നടത്തുകയോ സാമാനങ്ങളുടെ കള്ളക്കടത്തിന് പ്രേരണനല്കുകയോ കള്ളക്കടത്ത് സാമാനങ്ങൾ പരിവഹണനം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നതിൽ ഏർപ്പെടുകയോ ചെയ്യുന്നതിൽനിന്ന് അയാളെ തടയുന്നത് ലക്ഷ്യമാക്കിയായിരിക്കുകയും, കേന്ദ്രഗവൺമെന്റിനോ കേന്ദ്രഗവൺമെന്റ്, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ളതും, ആ ഗവൺമെന്റിന്റെ ഒരു അഡീഷണൻ സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്തതുമായ ഏതെങ്കിലും ഉദ്യോഗസ്ഥനോ, അങ്ങനെയുള്ള ആൾ—

(i) കള്ളക്കടത്തിന് എളുപ്പത്തിൽ വിധേയമാകുന്ന ഏതെങ്കിലും പ്രദേശത്തിനുള്ളിലേക്കോ പുറത്തേക്കോ അതിലൂടെയോ സാമാനങ്ങൾ കള്ളക്കടത്തു നടത്തുന്നുണ്ടെന്നോ നടത്താൻ ഇടയുണ്ടെന്നോ; അല്ലെങ്കിൽ

(ii) കള്ളക്കടത്തിന് എളുപ്പത്തിൽ വിധേയമാകുന്ന ഏതെങ്കിലും പ്രദേശത്തിനുള്ളിലേക്കോ പുറത്തേക്കോ അതിലൂടെയോ സാമാനങ്ങൾ കള്ളക്കടത്ത് നടത്തുന്നതിന് പ്രേരണ നല്കുന്നുണ്ടെന്നോ, നല്കാൻ ഇടയുണ്ടെന്നോ; അല്ലെങ്കിൽ

(iii) കള്ളക്കടത്തിന് എളുപ്പത്തിൽ വിധേയമാകുന്ന ഏതെങ്കിലും പ്രദേശത്ത്, കള്ളക്കടത്ത് സാമാനങ്ങൾ പരിവഹണം ചെയ്യുകയോ, ഒളിച്ചു വയ്ക്കുകയോ, സൂക്ഷിക്കുകയോ ചെയ്യുന്നതിൽ ഏർപ്പെടുന്നുണ്ടെന്നോ, ഏർപ്പെടാൻ ഇടയുണ്ടെന്നോ;

ബോദ്ധ്യപ്പെടുകയും, അങ്ങനെയുള്ള ആളുടെ തടങ്കലിന്റെ അഞ്ച് ആഴ്ചക്കുള്ളിൽ ആ അർത്ഥത്തിലുള്ള പ്രഖ്യാപനം ചെയ്യുകയും ചെയ്യുന്നിടത്ത്, അയാളെ തടങ്കലിൽ വയ്ക്കുന്ന തീയതി മുതൽ മൂന്നുമാസത്തിലധികമുള്ളതും, എന്നാൽ ഒരു വർഷത്തിൽ കവിയാത്തതും ആയ കാലത്തേക്ക്, ഭരണഘടന 22-ാം അനുച്ഛേദം (4)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിലെ വ്യവസ്ഥകളനുസരിച്ച് ഉപദേശകബോർഡിന്റെ അഭിപ്രായം നേടാതെ തടങ്കലിൽ വയ്ക്കാവുന്നതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിൽ "കള്ളക്കടത്തിന് എളുപ്പത്തിൽ വിധേയമാകുന്ന പ്രദേശം" എന്നാൽ—

(i) ഇൻഡ്യൻ കസ്റ്റംസ് ജലങ്ങളും;

(ii) ഗുജറാത്ത്, കർണ്ണാടകം, കേരളം, മഹാരാഷ്ട്ര, തമിഴ്നാട്, എന്നീ സ്റ്റേറ്റുകളുടേയും, ഗോവാ ദാമൻ ദിയ്യു, പാണ്ടിച്ചേരി എന്നീ യൂണിയൻ രാജ്യക്ഷേത്രങ്ങളുടേയും രാജ്യക്ഷേത്രങ്ങൾക്കുള്ളിൽ വരുന്ന, ഇൻഡ്യയുടെ കടൽത്തീരത്തുനിന്ന് അമ്പതു കിലോമീറ്റർ വീതിയുള്ള ഉൾപ്രദേശവും;

(iii) ഇൻഡ്യയുടെ ഏതെങ്കിലും കടൽതീരത്തുനിന്നോ മറ്റ് അതിർത്തിയിൽനിന്നോ നൂറു കിലോമീറ്ററിൽ കവിയാത്തതും, കേന്ദ്രഗവൺമെന്റ്, ആ പ്രദേശം കള്ളക്കടത്തിന് എളുപ്പത്തിൽ വിധേയമാകുന്നതു കണക്കിലെടുത്തുകൊണ്ട്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഇതിലേയ്ക്കു വിനിർദ്ദേശിക്കുന്നതും ആയ കൂടുതൽ ഉൾപ്രദേശവും; അല്ലെങ്കിൽ മറ്റ് ഉൾപ്രദേശവും;

എന്നർത്ഥമാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഒരു തടങ്കൽ ഉത്തരവിൻകീഴിൽ, തടങ്കലിൽ വയ്ക്കപ്പെടുന്ന ഏതെങ്കിലും ആളുടെ സംഗതിയിൽ, 8-ാം വകുപ്പിന് താഴെപറയുന്ന, അതായത്,—

(i) (ഖ) ഖണ്ഡത്തിൽ "അഞ്ച് ആഴ്ചക്കുള്ളിൽ" എന്നും, "കൊടുക്കേണ്ടതും" എന്നുമുള്ള വാക്കുകൾക്കു പകരം "ഒരു വർഷം കഴിയുന്നതിനു മുമ്പും എന്നാൽ യാതൊരു സംഗതിയിലും അതിനു മൂന്നു മാസം മുമ്പിലും വൈകാതെയുള്ള ഏതു സമയത്തും" എന്നും "കൊടുക്കാവുന്നതും" എന്നുമുള്ള വാക്കുകൾ ചേർക്കുകയും;

(ii) (ഗ) ഖണ്ഡത്തിൽ "ബന്ധപ്പെട്ട ആളെ തടങ്കലിൽ വയ്ക്കുന്ന തീയതി മുതൽ" എന്ന വാക്കുകൾക്കു പകരം "ഉപദേശ ബോർഡിന് റഫറൻസ് കൊടുക്കുന്ന തീയതി മുതൽ" എന്ന വാക്കുകൾ ചേർക്കുകയും;

ചെയ്യുന്ന രൂപഭേദങ്ങൾക്കു വിധേയമായി പ്രഭാവമുണ്ടായിരിക്കുന്നതാണ്

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകരം ബാധകമാകുന്ന ഒരു തടങ്കൽ ഉത്തരവിൻകീഴിൽ, തടങ്കലിൽ വയ്ക്കപ്പെടുന്ന ഏതൊരാളുടേയും കേസ്സ് തടങ്കലിന്റെ തീയതി മുതൽ ആറുമാസക്കാലത്തിനുള്ളിൽ [അതിനിടയിൽ അതു സംബന്ധിച്ച് (2)-ാം ഉപവകുപ്പിനോടുചേർത്തു വായിച്ചപ്രകാരമുള്ള 8-ാം വകുപ്പ്, (ക) ഖണ്ഡത്തിൻകീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഉപദേശകബോർഡിന് റഫറൻസ് കൊടുത്തിരിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉത്തരവു പിൻവലിച്ചിരിക്കുകയോ ചെയ്തിട്ടില്ലാത്തപക്ഷം] സമുചിത ഗവൺമെൻറ്, ആ ഗവൺമെൻറ് ഇതിലേക്കായി നാമനിർദ്ദേശംചെയ്യുന്നതും ഒരു ഹൈക്കോടതി ജഡ്ജി ആയിരിക്കുന്നതോ, ആയിരുന്നിട്ടുള്ളതോ, ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ ആയ, ഒരാളുമായി ആലോചിച്ച് റിവ്യൂ ചെയ്യേണ്ടതാണ്:

എന്നാൽ, സമുചിത ഗവൺമെൻറ് ഒരു സ്റേററ് ഗവൺമെൻറ് ആയിട്ടുള്ളിടത്ത്, ആ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനോടും ആ വിഷയത്തിൽ ആലോചിക്കേണ്ടതാകുന്നു.

10. <u>പരമാവധി തടങ്കൽ കാലയളവ്.</u>—9-ാം വകുപ്പിലെ വ്യവസ്ഥകരം ബാധകമാകാത്തതും, 8-ാം വകുപ്പ്, (ച) ഖണ്ഡത്തിൻകീഴിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളതുമായ ഏതെങ്കിലും തടങ്കൽ ഉത്തരവിനു അനുസൃതമായി, ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കാവുന്ന പരമാവധി കാലയളവ് തടങ്കലിൽവയ്ക്കുന്ന തീയതി മുതൽ ഒരു വർഷമായിരിക്കേണ്ടതും, 9-ാം വകുപ്പിലെ വ്യവസ്ഥകരം ബാധകമാകുന്നതും, 9-ാം വകുപ്പ് (2)-ാം ഉപവകുപ്പോടു ചേർത്ത് വായിച്ച പ്രകാരമുള്ള 8-ാം വകുപ്പ് (ച) ഖണ്ഡത്തിൻകീഴിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളതുമായ ഏതെങ്കിലും തടങ്കൽ ഉത്തരവിന് അനുസൃതമായി ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കാവുന്ന പരമാവധി കാലയളവ് തടങ്കലിൽ വയ്ക്കുന്ന തീയതി മുതൽ രണ്ടു വർഷമായിരിക്കേണ്ടതുമാകുന്നു:

എന്നാൽ, രണ്ടിൽ ഏതു സംഗതിയിലും, ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, അതിനു മുമ്പേ ഏതെങ്കിലും തടങ്കൽ ഉത്തരവ് പിൻവലിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാൻ സമുചിത ഗവൺമെൻറിനുള്ള അധികാരത്തെ ബാധിക്കുന്നതല്ല.

11. <u>തടങ്കൽ ഉത്തരവുകരം പിൻവലിക്കൽ</u>—(1) സാമാന്യ ഖണ്ഡങ്ങരം ആക്ററ്, 1897 (1897-ലെ 10)-ലെ 21-ാം വകുപ്പിലെ വ്യവസ്ഥകരംക്ക് ഭംഗം വരാത്തവിധം, ഒരു തടങ്കൽ ഉത്തരവ്,—

(ക) ആ ഉത്തരവ് ഒരു സ്റേററ് ഗവൺമെൻറിന്റെ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളതാണെന്നിരുന്നാലും, ആ സ്റേററ് ഗവൺമെൻറിനോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻറിനോ;

(ഖ) ആ ഉത്തരവു കേന്ദ്ര ഗവൺമെൻറിന്റെ ഒരു ഉദ്യോഗസ്ഥനോ ഒരു സ്റേററ് ഗവൺമെൻറാ ചെയ്തിട്ടുള്ളതാണെന്നിരുന്നാലും, കേന്ദ്ര ഗവൺമെൻറിനോ;

ഏതു സമയത്തും പിൻവലിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) ഒരു തടങ്കൽ ഉത്തരവിന്റെ പിൻവലിക്കൽ അതേ ആരംക്ക് എതിരായി 3-ാം വകുപ്പിൻകീഴിൽ മറെറാരു തടങ്കൽ ഉത്തരവ് ചെയ്യുന്നതിനെ തടയുന്നതല്ല.

12. <u>തടങ്കലിൽ വച്ചിട്ടുള്ള ആളുകളെ താത്ക്കാലികമായി മോചിപ്പിക്കുന്നത്.</u>—(1) സമുചിത ഗവൺമെൻറിന് ഒരു തടങ്കൽ ഉത്തരവിന് അനുസൃതമായി തടങ്കലിൽ വച്ചിട്ടുള്ള ഏതെങ്കിലും ആളെ ഏതെങ്കിലും വിനിർദ്ദിഷ്ടകാല

ത്തേക്ക്, ഉപാധികളില്ലാതേയോ നിദേശത്തിൽ വിനിർദ്ദേശിക്കുന്നതും, ആ ആരം സ്വീകരിക്കുന്നതുമായ ഉപാധികളിൻമേലോ മോചിപ്പിക്കാവുന്നതാണെന്ന് ഏതു സമയത്തും നിദേശിക്കുകയും, അയാളെ മോചിപ്പിക്കുന്നത് ഏതു സമയത്തും റദ്ദാക്കുകയും ചെയ്യാവുന്നതാണ്:

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ആളെ മോചിപ്പിക്കാൻ നിദേശിക്കുന്നതിൽ സമുചിത ഗവൺമെൻറിന്, അയാളോട് നിദേശത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികരം യഥാവിധി പാലിക്കുന്നതിന് ജാമ്യക്കാരോടുകൂടിയ ഒരു ബാണ്ടിൽ ഏർപ്പെടാൻ ആവശ്യപ്പെടാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ മോചിപ്പിക്കപ്പെട്ട ഏതെങ്കിലും ആരം, അതതുസംഗതിപോലെ, അയാളെ മോചിപ്പിക്കാൻ നിദേശിക്കുന്നതോ അയാളെ മോചിപ്പിക്കുന്നത് റദ്ദാക്കുന്നതോ ആയ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന സമയത്തും സ്ഥലത്തും അധികാരസ്ഥാനത്തിനും സ്വയം കീഴടങ്ങേണ്ടതാകുന്നു.

(4) ഏതെങ്കിലും ആരം (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ മതിയായ കാരണം കൂടാതെ സ്വയം കീഴടങ്ങാതിരിക്കുന്നുവെങ്കിൽ, അയാരം രണ്ടു വർഷത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(5) (1)-ാം ഉപവകുപ്പിൻകീഴിൽ മോചിപ്പിക്കപ്പെട്ട ഏതെങ്കിലും ആരം, ആ ഉപവകുപ്പിൻകീഴിലോ അയാരം ഏർപ്പെട്ടിട്ടുള്ള ബാണ്ടിലോ അയാളുടെമേൽ ചുമത്തിയിട്ടുള്ള ഉപാധികളിൽ ഏതെങ്കിലും നിറവേററാതിരിക്കുന്നുവെങ്കിൽ, ബാണ്ടിലെ ജാമ്യത്തുക നഷ്ടപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്നതും, ബാണ്ടിനാൽ ബദ്ധനായ ഏതൊരാളും അതിലെ പിഴസംഖ്യ നല്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

13. <u>ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിക്കുള്ള സംരക്ഷണം.</u>—ഈ ആക്ററിന് അനുസൃതമായി ഉത്തമ വിശ്വാസപൂർവ്വം ചെയ്യുന്നതോ, ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിനോ ഒരു സ്റേററ് ഗവൺമെൻറിനോ എതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററു നിയമ നടപടിയും നിലനില്ക്കുന്നതല്ലാത്തതും, ഏതെങ്കിലും ആരക്കെതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടികളും നിലനില്ക്കുന്നതല്ലാത്തതും ആകുന്നു.

14. റദ്ദാക്കൽ.—ആഭ്യന്തര സുരക്ഷിത സംരക്ഷണ (ഭേദഗതി) ആർഡിനൻസ്, 1974, (1974-ലെ 11) ഈ ആക്ററിൻെറ പ്രാരംഭത്തോടെ റദ്ദാക്കപ്പെട്ടതായിരിക്കുന്നതും, അതനുസരിച്ച് ആഭ്യന്തരസുരക്ഷിതത്വ സംരക്ഷണ ആക്ററ്, 1971 (1971-ലെ 26)-ൽ മുൻപറഞ്ഞ ആർഡിനൻസ് വഴി ചെയ്ത ഭേദഗതികരം, അങ്ങനെയുള്ള പ്രാരംഭത്തോടെ പ്രഭാവം ഇല്ലാതായിത്തീരുന്നതാണ്.